LIBRARY ARCHIVES Kerala Legislative Assembly

ഗോഡൌണുകളിലെ അരി.

* 1097. [2] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര കൃഷിമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗോഡൌണുകളിൽ കെട്ടിക്കിടക്കുന്ന അരി വൃത്തിയാക്കുന്നതിനു കൊടുത്ത കണ്ട്രാക്ടറുമായി ബന്ധപ്പെട്ടുണ്ടായ പരാതിയിന്മേൽ ഒരു ജുഡീഷ്യൽ എൻക്വയറിക്ക് ഉടൻതന്നെ ഓർഡർ ചെയ്യുന്നതിനെ സംബന്ധിച്ച് കഴിഞ്ഞ സമ്മേളനത്തിൽ മുഖ്യമന്ത്രി ചെയ്ത പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ഓർഡർ പാസാക്കിയിട്ടുള്ളതു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ എ. ജെ. ജോൺ) :

(എ) ഉണ്ടു്.

(ബി) 20—10—1955-ൽ.

പഞ്ചായത്തിനു നൽകുന്ന ഗ്രാന്റും വായ്പയും.

* 1098. [4] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം പഞ്ചായത്തു ഡിപ്പാർട്ടുമെന്റിൽനിന്നും മൈനർ ജലസേചനപദ്ധതികൾക്കായി വ്യക്തികൾക്കു വായ്പയിനത്തിലും ഗ്രാന്റു് ഇനത്തിലും എന്തു തുക വിതരണം ചെയ്തിട്ടുണ്ടു് ;

(ബി) ബഡ്ജറ്റിൽ എന്തു തുക കൊള്ളിച്ചിട്ടുണ്ടു്.

(സി) എന്തു വ്യവസ്ഥയിലാണ് തുക വിതരണം ചെയ്യുന്നതു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ യാതൊരു തുകയും വിതരണം ചെയ്തിട്ടില്ല.

(ബി) വായ്പകൾക്കായി ഏഴര ലക്ഷം രൂപയും ഗ്രാന്റുകൾക്കായി 2½ ലക്ഷം രൂപയും ഇക്കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടു്.

(സി) ഗവണ്മെന്റു് സെക്രട്ടറിയേറ്റു് ഡവലപ്പ്മെന്റു് ഡിപ്പാർട്ടുമെന്റിലെ നമ്പർ എൽ. എസ്. 16-23967/54 ഡി. ഡി. എന്ന നമ്പരിൽ 12-4-55-ൽ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ള നോട്ടിഫിക്കേഷനിൽ പറയുന്ന വ്യവസ്ഥകളനുസരിച്ചാണ് തുക വിതരണം ചെയ്യേണ്ടതു്.

പാലസ് ജീവനക്കാർ.

* 1099. [5] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തുള്ള പാലസ് ജീവനക്കാരെ ഗവണ്മെന്റു് സർവ്വീസിൽ എടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് അവരുടെ വല്ല നിവേദനവും ഗവണ്മെന്റിനു ലഭിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെന്റു് അതിന്മേൽ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതു് ;